**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **14-03-2022 - ൽ മറുപടിയ്ക്ക്**

**ലാന്റ് അക്വിസിഷൻ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ, തുടക്കം മുതൽ അവാർഡ് തുക നൽകുന്നത് വരെ, ലാന്റ് അക്വിസിഷൻ വിഭാഗം മുഖേന നടത്തുന്ന നടപടിക്രമങ്ങൾ, അവയുടെ ഓരോ ഘട്ടത്തിലെയും സമയപരിധി സഹിതം വിശദമാക്കാമോ; | (എ) | RFCTLARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഭരണാനുമതി ലഭ്യമായതിനുശേഷം ഫോറം നമ്പർ 2 ൽ അർത്ഥനാധികാരി അപേക്ഷ ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നു. തുടർന്ന് ലാൻഡ് അക്വിസിഷൻ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായുള്ള മതിപ്പ് ചെലവ് തയ്യാറാക്കുകയും, നഷ്ടപരിഹാരതുകയുടെ 5% അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് ആ തുക അർത്ഥനാധികാരി കണ്ടിജൻസി ഫണ്ടായി ഡെപ്പോസിറ്റ് ചെയ്യേണ്ടതുമാണ്. തുടർന്ന് ലാന്റ് അക്വിസിഷൻ വിഭാഗം മുഖേന നടത്തുന്ന നടപടിക്രമങ്ങളും അവയുടെ ഓരോ ഘട്ടത്തിലെയും സമയപരിധിയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതുസംബന്ധിച്ച് ഫയൽ നീക്കങ്ങൾ സമയബന്ധിതമായി നടക്കുകയാണെങ്കിൽ അവാർഡ് തുക വിതരണം ചെയ്യുന്നത് വരെയുള്ള നടപടികൾ പൂർത്തീകരിക്കാൻ എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | യഥാസമയം ഫണ്ട് ലഭിക്കുകയും സാങ്കേതിക തടസ്സങ്ങൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ച് 3 വർഷത്തിനുള്ളിൽ അവാർഡ് തുക വിതരണം ചെയ്യുന്നത് വരെയുള്ള നടപടികൾ പൂർത്തീകരിയ്ക്കാൻ കഴിയുന്നതാണ് |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഉണ്ടാവുന്ന കാലദൈർഘ്യം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ആക്ട് പ്രകാരമുള്ള സമയക്രമങ്ങൾ പാലിച്ച് നടപടികൾ പൂർത്തീകരിച്ച് മാത്രമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ